**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2837** | **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ ഓൺലൈൻ സ്ഥലമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | സഹകരണ വകുപ്പിലെ പൊതുസ്ഥലമാറ്റം സംബന്ധിച്ച് 25/02/2017 -ലെ സ.ഉ. (പി) നമ്പർ 3/2017/ഉ.ഭ.പ.വ. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളും പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ തയ്യറാക്കി സമർപ്പിച്ച പൊതുസ്ഥലമാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ 04/06/2023 -ലെ സ.ഉ. (കൈ)നം.8/2023/സഹ. നം. ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്.<br><br>സഹകരണ വകുപ്പിൽ ഓൺലൈൻ സ്ഥലം മാറ്റം നടപ്പിലാക്കുവാൻ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. സഹകരണ വകുപ്പിൽ സ.ഉ. (പി) നമ്പർ 3/2017ഉ.ഭ.പ.വ. സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ഒരു നിശ്ചിത പ്രൊഫോർമയിൽ ശേഖരിക്കുകയും (Data Base) ആയത് ക്രോഡീകരിക്കുന്നതിലേയ്ക്കായി സാങ്കേതിക സഹായം സോഫ്റ്റ് വെയർ ലഭ്യമാക്കുന്നതിന് NIC-ക്ക് കത്ത് നൽകുകയും ചെയ്തു.<br>2. അതോടൊപ്പം എല്ലാ ജീവനക്കാരുടെ വിവരങ്ങളും സ്പാർക്ക് മുഖേന അപ്ഡേറ്റ് ചെയ്യാൻ അതാത് നിയന്ത്രണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.<br>3. ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജീവനക്കാരുടെ വിവരങ്ങൾ 30.09.2022-ന് മുമ്പായി സ്പാർക്കിൽ അപ്-ഡേറ്റ് ചെയ്യുന്നതിനും പൊതു സ്ഥലം മാറ്റം സംബന്ധിച്ച് ജില്ലാതല മേൽനോട്ടം വഹിക്കുന്നതിനുമായി അതാത് ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) |

മാരെ നോഡൽ ഓഫീസർമാരായും നിയമിക്കുകയും ചെയ്തു.

4. കെ.എസ്.ആർ. തസ്തികകൾ നിലനിൽക്കുന്ന സഹകരണ വകുപ്പിൽ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതിന് അഡീഷണൽ രജിസ്ട്രാർ (ജനറൽ) കൺവീനറായി ഒരു ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.
5. സഹകരണ വകുപ്പിലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച് ബഹു.സർക്കാരിന്റെ 25.02.2017-ലെ സ.ഉ.(സാധാ) നമ്പർ 3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളും പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ വിവിധ സർവ്വീസ് സംഘടനകളുമായി 19.01.2023-ന് നടന്ന യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ പ്രത്യേകതകൾ പരിഗണിച്ച് വകുപ്പിന്റേതായ സവിശേഷതകൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങളുടെ ഉത്തരവ് പുറപ്പെടുവിച്ചു.
6. സർക്കാരിന്റെ 04.06.2023-ലെ സ.ഉ.(കൈ) നമ്പർ 8/2023/Co-op നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി ജില്ലകളിൽ നിന്നും ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കുന്ന സ്പാർക്ക് സോഫ്റ്റ് വെയറിൽ കേഡറുകൾ അടിസ്ഥാനത്തിലുള്ള തസ്തികകളുടെ വിവരങ്ങൾ (Sanctioned Post), ടി കേഡറുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ എണ്ണം എന്നിവ അപ്ഡേറ്റ് ചെയ്യുകയും ആയതിനുശേഷം അവസാനത്തെ നടപടിക്രമമായ അപേക്ഷ ക്ഷണിക്കലിനായി Transfer Control Form Enable ചെയ്യുന്നതിന് സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തു.

അതേ അവസരത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഓൺലൈൻ ട്രാൻസ്ഫറിനായി അപേക്ഷ ക്ഷണിച്ച നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A.No. 20/2024 ഫയൽ ചെയ്യപ്പെടുകയും സഹകരണ സംഘം രജിസ്ട്രാറുടെ ഓൺലൈൻ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിന്മേൽ

| | | | |
|---|---|---|---|
| | | | ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ബി) | സഹകരണ വകുപ്പിൽ ഓൺലൈൻ സ്ഥലമാറ്റം പൂർണമായും എന്ന് മുതൽ നടപ്പിലാക്കി തുടങ്ങുമെന്ന് വ്യക്തമാക്കാമോ; | (ബി) | സഹകരണ വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്യപ്പെട്ട O.A.No. 20/2024 -ന്റെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സഹകരണ വകുപ്പിൽ ഈ വർഷം ഓൺലൈൻ മുഖാന്തിരമാണോ സ്ഥലമാറ്റം നടത്തുന്നത് എന്നറിയിക്കാമോ? | (സി) | സഹകരണ വകുപ്പിൽ ഈ വർഷം ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ